6629
11/6/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-RIPMR-Administrative ചെലവുകൾക്കായുള്ള തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.324/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 5.6.2015

പരാമർശം- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 4.5.2015 ലെ R & D/12677/2015 നമ്പർ കത്ത്.

2. 16.5.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

Regional Institute for Physical Medicine amd Rehabilitation(RIPMR) എന്ന സ്ഥാപനത്തിൽ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഓഡിയോ ടെസ്റ്റ്, സ്പെഷ്യൽ സ്കൂൾ എന്നിവയും പ്രവർത്തിക്കുന്നുണ്ടെന്നും ഈ വിഭാഗങ്ങളിലായി സേവനം അനുഷ്ഠിക്കുന്ന സ്റ്റാഫ് ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരുടെ വേതനം, ഭരണപരമായ മറ്റ് ചെലവുകൾക്കും 73,77,556/- രൂപ(എഴുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അഞ്ഞൂറ്റി അൻപത്തി ആറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്നും പരാമർശം 1 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും RIPMR ലെ ഭരണപരമായ ചെലവുകൾക്കായുള്ള 73,77,556/- രൂപ(എഴുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അഞ്ഞൂറ്റി അൻപത്തി ആറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, RIPMR, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ